**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4896** **20-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട്ടിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിൽ അനധികൃത ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം ഉറപ്പിക്കാൻ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയുടെ മകന് വേണ്ടി വിദ്യാഭ്യാസ വകുപ്പ് അനധികൃതമായ ഇടപെടൽ നടത്തി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ; | (എ) | പ്രസ്തുത ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷണം നടത്തിയതിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അനധികൃത ഇടപെടലുകൾ നടത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ വെബ്സൈറ്റിൽ വിവരങ്ങളെല്ലാം രേഖപ്പെടുത്തിക്കഴിഞ്ഞ ശേഷം ആറാം പ്രവർത്തി ദിനമുൾപ്പെടെ രാത്രി വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ലോഗിൻ ചെയ്തതായി പറയപ്പെടുന്ന ആക്ഷേപം പരിശോധിക്കുമോ; | (ബി) | വിദ്യാർത്ഥികളുടെ എണ്ണം ശേഖരിക്കുന്ന 'സമ്പൂർണ്ണ' സോഫ്റ്റ് വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയാകുന്നതിന് മുമ്പ് സാങ്കേതിക തകരാർ മൂലം 'ഹാംഗ്' ആയതിനെ തുടർന്ന് കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സാധിക്കാതെ വന്നതിനാൽ 08.06.2022-ന് രാത്രി 10 മണിവരെ ടി വിവരം രേഖപ്പെടുത്തുന്നതിനുള്ള സമയം ദീർഘിപ്പിച്ചുകൊണ്ട് കൈറ്റ് സി.ഇ.ഒ സംസ്ഥാനത്തെ എല്ലാ പ്രധാനാധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് അന്നേ ദിവസം രാത്രി 10 മണിവരെ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് ഓപ്പണായിരുന്നത്. |
| (സി) | ഈ സംഭവത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ‘സമ്പൂർണ്ണ’ വെബ്സൈറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി കഴിഞ്ഞശേഷം ആറാം പ്രവൃത്തിദിനമുൾപ്പെടെ ലോഗിൻ ചെയ്തതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട സ്കൂളുകളുടെ 'സമ്പൂർണ്ണ' സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ട്. 'സമ്പൂർണ്ണ'യിലൂടെ കൈമാറ്റം ചെയ്യപ്പെട്ട വിവരങ്ങൾ ഉപയോഗിച്ച് കൃത്രിമമായി തസ്തികകൾ സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്നത് തസ്തിക നിർണ്ണയ പ്രക്രിയ പൂർത്തിയായാൽ മാത്രമേ സ്ഥിരീകരിക്കാൻ കഴിയൂ. അപ്രകാരം വ്യാജമായി തസ്തിക സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ |

| | | | |
|---|---|---|---|
| | | | ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ